**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1476 03.10.2016 - ൽ മറുപടിയ്ക്ക്

**സാമൂഹ്യ സുരക്ഷാ മിഷനിലെ നിയമനം**

ചോദ്യം
ശ്രീ.എൻ.ഷംസുദ്ദീൻ

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ മിഷനിൽ വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മിഷൻ രൂപീകരണത്തിനു ശേഷം ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗം ചേർന്ന് വിവിധ തസ്തികകളുടെ നിയമന മാനദണ്ഡങ്ങളും, യോഗ്യതയും ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ തസ്തികയ്ക്കും അപ്രകാരം അംഗീകരിച്ച യോഗ്യത, നിയമന മാനദണ്ഡം, തെരഞ്ഞെടുപ്പ് രീതി എന്നിവ എന്തായിരുന്നു എന്നതിന്റെ വിശദവിവരം നല്കാമോ; | (ബി) | മിഷൻ രൂപീകരണത്തിനു ശേഷം എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി വിവിധ തസ്തികകളുടെ നിയമനങ്ങളും മാനദണ്ഡങ്ങളും തീരുമാനിച്ചിട്ടുള്ളതിൽ അപാകതകളും വൈരുദ്ധ്യങ്ങളും ഉള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ മിഷനിലെ എല്ലാ തസ്തികകളിലെയും യോഗ്യതകളും മാനദണ്ഡങ്ങളും സംബന്ധിച്ച് വിശദമായ പരിശോധനയും പഠനവും നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗവേണിംഗ് ബോഡി മീറ്റിംഗിൽ സമർപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 9.9.2016 ലെ 22-ാം ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി. |
| (സി) | സർക്കാർ ഉത്തരവു വഴി നിയമന മാനദണ്ഡം നിശ്ചയിച്ച് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു മാനദണ്ഡങ്ങളാണ് പ്രാബല്യത്തിലുള്ളതെന്നും അത് എത്രാമത്തെ എക്സിക്യൂട്ടീവ്, ഗവേണിംഗ് ബോഡി തീരുമാന പ്രകാരമുള്ളതാണെന്നും വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ? | (സി) | സർക്കാർ ഉത്തരവ് വഴി നിയമന മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**